For Private Circulation Only

November 2021

# ആഗമനാരുണൻ

Vol.68

" മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു. യഹോവയോ ഹൃദയത്തെ നോക്കുന്നു "
(1 ശമു. 16:7)

No.11

## ധൈര്യത്തോടെ കൃപാസനത്തിൽ

By Charles H.Spurgeon (1834-1892)

ദൈവപൈതലിന്റെ ജീവിതത്തിൽ പ്രാർത്ഥനയ്ക്കുള്ള സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്. വിശ്വാസിയുടെ ചൈതന്യം. സന്തോഷങ്ങൾ, ദൈവം അവനെ ഉപയോഗിക്കുന്ന വിധങ്ങൾ എല്ലാം പ്രാർത്ഥനയെ ആശ്രയിച്ചിരിക്കുന്നു. ഇത് എന്തുകൊണ്ടെന്നാൽ വിശുദ്ധ തിരുവെഴുത്തുകൾക്കുള്ള ഏറ്റവും പ്രാധാന സ്ഥാനമുള്ളതുകൊണ്ടാണ്. പരിശുദ്ധാത്മാവ് നമ്മളെ തുടർച്ചയായിട്ടു നിർബന്ധിച്ചുകൊണ്ടിരിക്കുകയാണ്. പ്രാർത്ഥിക്കുവാൻ. അവിടുത്തെ ധർമ്മോപദേശത്താലും, വാഗ്ദത്തങ്ങളാലും ഉദാഹരണങ്ങളാലും. ഒരു എടുത്തുപറയത്തക്കതായ ഉദാഹരണമാണ് അവന്റെ പ്രോത്സാഹനത്തിന്റെത്. " അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക " (എബ്രാ. 4:16)

യേശുക്രിസ്തുവിന്റെ വിശ്വാസിയായ ഞാൻ, എന്റെ സ്ഥാനം ഒരിക്കലും പ്രാകാരത്തിനു പുറത്തല്ല, പുരോഹിതന്മാരുടെ ശുശ്രൂഷമണ്ഡലവുമല്ല,. എനിക്ക് അതിന്റെ അപ്പുറമായിട്ട് ചെല്ലുവാൻ മുൻകൂട്ടായിട്ട് കർത്താവ് തന്നിരിക്കുകയാണ്. കൃപാനസനത്തോളം ധൈര്യത്തോടെ പ്രവേശിക്കുവാൻ, അങ്ങനെ എനിക്ക് അവിടെ പ്രവേശിക്കാം. " കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി" (വാക്യം 16) എല്ലാ സത്യക്രിസ്ത്യാനികളുടെയും യഥാർത്ഥ സ്ഥാനമാണിതു. ആഗ്രഹിച്ചുപോകുകയാണ് ഞാൻ, എല്ലാ വിശ്വാസികളും ഇതു മനസ്സിലാക്കി ഇത്രയും നല്ല അവസരങ്ങൾക്കായിട്ടാണ് അവർ ജനിക്കപ്പെട്ടിരിക്കുന്നതു, ക്രിസ്തുയേശുവിൽ ഒരു പുതിയ സൃഷ്ടിയായിട്ടു സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു.

### ഒരു കൃപാസനം

പ്രാർത്ഥനയിൽ കൂടി നമ്മൾ കർത്താവിന്റെ അടുക്കലേയ്ക്കു കടന്നു വരുമ്പോൾ, കൃപാസനത്തിൽ ഇരിക്കുന്ന ഒരു രാജാവിന്റെ അടുക്കലേയ്ക്കാണ് വരുന്നത്. ഇത് നമ്മൾ ശരിയായിട്ടു പ്രാർത്ഥിക്കുമ്പോൾ കൃപയുടെ ഉറവിടമായ കർത്താവിനോടു നമ്മൾ ബന്ധപ്പെടുമ്പോൾ നമ്മുടെ യാചനകൾക്കും ആവശ്യങ്ങളിലും ഉത്തരം നല്കുന്ന കർത്താവ് നമ്മുടെ യോഗ്യതകളുടെ അടിസ്ഥാനത്തിലല്ല ദൈവപ്രവൃത്തി നമ്മൾക്കായിട്ടു ചെയ്യുന്നത്, അതെ സമയം കർത്താവിന്റെ പരിധിയില്ലാത്ത കൃപയാലും കരുണയാലും യേശുക്രിസ്തുവിൽകൂടി നമ്മൾക്കായിട്ടു നല്കപ്പെടുന്നത്.

അപ്പോൾ ഇവിടെയ്ക്കു കടന്നു വരിക, ആരൊക്കെയാണ് ആ കൃപയുടെ ആവശ്യക്കാരായിരിക്കുന്നവർ അവർ അധൈര്യപ്പെട്ടു നില്ക്കാതെ കൃപാസനത്തിന്റെ സമീപത്തിലേക്കു കടന്നു വരിക. കർത്താവ് നമ്മളിൽ ഒരുവനായിട്ട് തീർന്ന് നമ്മുടെ പാപപരിഹാരത്തിനായിട്ടു നമ്മൾക്കു പകരമായി കഷ്ടത ഏറ്റെടുത്തതുകൊണ്ട് ആ സിംഹാസനത്തെ സമീപിക്കുവാൻ എല്ലാ പാപികൾക്കും കൃപയാൽ കർത്താവു നൽകിയിരിക്കുമ്പോൾ, ആ ഏകവും പരമോന്നധിയായ സിംഹാനത്തിലേയ്ക്കു പരിധിയില്ലാത്തതു കൃപയുടെ വാഴ്ച നിലനിൽക്കുന്നതുമായ ക്ഷമിക്കുന്ന/പൊറുക്കുന്ന കൃപ, വീണ്ടും ശക്തീകരിക്കുന്ന കൃപ, എല്ലാം ഉൾക്കൊള്ളുന്ന/ സ്വീകരിക്കുന്ന കൃപ, സംരക്ഷിക്കുന്ന കൃപ, ശുദ്ധീകരിക്കുന്ന കൃപ പൂർണ്ണതയുളവാക്കുന്ന കൃപ, മഹത്വത്തിലേക്കു പ്രവേശിക്കപ്പിക്കാനുള്ള കൃപ.

### ധൈര്യത്തോട് വരിക

ഇപ്പോൾ നമുക്ക് യോഗ്യമായ ഒരു ക്രിയാവിശേഷണം ആണുള്ളത്. " അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക ".

ധൈര്യത്തോടെ എന്നതിന്റെ അർത്ഥം നേരത്തെ കരുതി വെയ്ക്കാതിരുന്നേടത്തേയ്ക്കു നമ്മൾ കടന്നു വരിക/പ്രവേശിക്കുക എന്നതാണ്. സകല അപേക്ഷകളുമായിട്ടു കടന്നു വരാനുള്ള സ്വാതന്ത്ര്യം. താങ്കളുടെ ഹൃദയത്തെ ഭാരപ്പെടുത്തിക്കൊണ്ടിരിക്കുന്ന എല്ലാ ഭാരങ്ങളുമായിട്ടു കൃപാസനത്തിങ്കലേയ്ക്കു കടന്നു വരിക. സത്യമായിട്ടു നിങ്ങളുടെ ജീവിതത്തിൽ ഏതെങ്കിലും പ്രധാനപ്പെട്ട ആവശ്യങ്ങൾ ലഭിക്കേണ്ടതുണ്ടോ? എങ്കിൽ, കടന്നു വന്നു കർത്താവിനോടു ചോദിച്ചുകൊൾക. അതെ ഏതെങ്കിലും ചെറിയ കാര്യങ്ങളാണോ ആവശ്യമുള്ളതു? ശരി കർത്താവിനോടു ചോദിച്ചുകൊൾക. നിങ്ങളെ പൊടിയിലേക്കു ചവിട്ടിതാഴ്ത്തുന്ന ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടോ? കടന്നു വന്നു കൃപാസനത്തിലേക്കു സമർപ്പിച്ചുകൊടുക്കുക. കടന്നു ചെന്നു കർത്താവിനോടു നിങ്ങളുടെ സകല പ്രശ്നങ്ങളും പറയുക. നിങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എല്ലാം അവന്റെ മുൻപിൽ പറയുക. " അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾക " (1പത്രൊ. 5:7). നിങ്ങൾ യേസുക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരു വിശ്വാസിയാണെങ്കിൽ, കർത്താവ് ആണ് നിങ്ങളുടെ പിതാവ്. അതുകൊണ്ട് യേശുവിനോട് സംസാരിക്കുന്നതുപോൽ നമ്മുടെ ഭൂമിയിലെ രക്ഷിതാക്കളോടു സമീപിച്ച് സംസാരിക്കുന്നതിനെക്കാൾ അധികം ദൃഢനിശ്ചയത്തോടെ ഉയരത്തിലെ സ്വർഗ്ഗീയ പിതാവിനോടു സംസാരിക്കുക.

(ശേഷം 4-ാംപേജിൽ)

# പ്രാർത്ഥന : സത്യവും ആഴത്തിലുമുള്ള ഒരു സന്തോഷവും ആണ്.

By Arthur W. Pink (1886 - 1952)

വെറുതെ അങ്ങു പറഞ്ഞു മാറ്റാൻ കഴിയുമോ. ഓരോ ദിവസവും രാവിലെയും വൈകിട്ടുമുള്ള നമ്മുടെ പ്രാർത്ഥനകൾ പറയുക നമ്മെ ശല്യപ്പെടുത്തുന്ന ഒരു ജോലി / ഉദ്യമം ആണെന്നു അതു കഴിയുമ്പോൾ ഒരു ദീർഘ ശ്വാസത്തോടെ എന്നാൽ ദൈവത്തിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തിൽ നാം കടന്നു വന്നിരിക്കുന്നതെങ്കിൽ, അവിടുത്തെ മുഖത്തിന്റെ മഹത്വമുള്ള പ്രകാശം കാണുകയും കരുണാസനത്തിൽ ഇരിക്കുന്ന കർത്താവുമായിട്ടുള്ള കൂട്ടായ്മ ആചരിക്കുവാൻ, സ്വർഗ്ഗത്തിൽ വരുങ്കാലങ്ങളിൽ നാം അനുഭവിക്കുവാൻ പോകുന്ന നിത്യമായ അനുഗ്രഹങ്ങൾ ആസ്വദിക്കുവാൻ സാധിക്കും. ഈ അനുഭവം ആസ്വദിച്ചുകൊണ്ടിരിക്കുന്ന ഒരു ദൈവപൈതൽ സങ്കീർത്തക്കാരനോടു ചേർന്നു പാടാൻ കഴിയും, “ എന്നാൽ ദൈവത്തോടു അടുത്തിരിക്കുന്നതു എനിക്കു നല്ലത് ” (സങ്കീ. 73:28). അതെ, ഹൃദയത്തിനു നല്ലതാണ്, അതു ശാന്തമായിരിക്കുന്നതെങ്കിൽ, വിശ്വാസത്തിനു നല്ലതാണ്. അതു ബലപ്പെട്ടതാണെങ്കിൽ, ആത്മാവിനു നല്ലതാണ്. അതു അനുഗ്രഹിക്കപ്പെട്ടതാണെങ്കിൽ ദൈവസന്നിധിയിൽ നിന്നു നമുക്ക് പ്രാർത്ഥനയുടെ മറുപടി ലഭിക്കാതിരിക്കുന്നതിന്റെ കാരണം, നമ്മുടെ ആത്മാവും കർത്താവുമായിട്ടുള്ള കൂട്ടായ്മ ബന്ധം നിലനിർത്തുന്നില്ലയെന്നുള്ളതാണ്. “ യഹോവയിൽ തന്നേ രസിച്ചുകൊള്ളുക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും” (സങ്കീ. 37:4)

എന്താണിത്, ഏത് ആത്മാവിന്റെ അനുഗ്രഹങ്ങൾ, പ്രാർത്ഥനയുടെ സന്തോഷം ഉണ്ടാക്കുകയും മുന്നോട്ടു നടത്തുകയും ചെയ്യുന്നത്? ഒന്നാമതായി ഹൃദയത്തിന്റെ ദൈവത്തിലുള്ള സന്തോഷമാണ് പ്രാർത്ഥനയുടെ ഏറ്റവും കാതലായ വസ്തുതയെന്നതു പ്രോയോഗികമായിട്ടു ദൈവം നമ്മുടെ പിതാവു ആണെന്നു മനസ്സിലാക്കലും അംഗീകാരവും ആണുവേണ്ടതു. അങ്ങനെ, യേശുവിന്റെ ശിഷ്യന്മാർ അവർക്ക് പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണമെന്നു പറയുമ്പോൾ അവിടുന്നു പറയുകയാണ്, നിങ്ങൾ ഇവ്വണ്ണം “ നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ ” (മത്താ. 6: 9). വീണ്ടും “നിങ്ങൾ മക്കൾ ആകകൊണ്ടു അബ്ബാ പിതാവേ എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു ” (ഗലാ. 4:6) ഇത് ഒരു പുത്രോചിതമായ അവകാശം നൽകുന്നതു ദൈവത്തിലുള്ള വിശുദ്ധമായ സന്തോഷവും അതായത് മക്കൾ തങ്ങളുടെ മാതാപിതാക്കളെ കാണുന്നതു അന്യരല്ല, പ്രത്യുത അവരുടെ സ്വന്തമായതുപോലെ വളരെ സ്നേഹം നിറഞ്ഞ അഭിസംബോധന/ മേൽ വിലാസത്തോടയാണ് മക്കൾ മാതാപിതാക്കളെ വിളിച്ചു കൊണ്ടു അവരോടു സമീപിക്കുന്നത്. അതുകൊണ്ടാണ് വീണ്ടും എഫെസ്യർ 2:18-ൽ പറയുന്നതുപോലെ നമ്മുടെ വിശ്വാസത്തിന്റെ ബലത്തിനു ഹൃദയങ്ങളുടെ ആശ്വാസത്തിനുമായിട്ടുള്ളത് ഒന്നാണ് ഇത്. “ അവൻ മുഖാന്തരം നമുക്കു ഇരുപക്ഷക്കാർക്കും ഏകാത്മാവിനാൽ പിതാവിങ്കലേക്കു പ്രവേശനം ഉണ്ട് ” (എഫെ. 2:18). എന്തൊരു സമാധാനം, എന്തൊരു ഉറപ്പ്, എത്രയോ

(ശേഷം 6-ാംപേജിൽ)

**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

“ യഹോവ ഇപ്രകാരം അരുളിചെയ്യുന്നു. നിങ്ങൾക്കു കുടിപ്പാൻ വേണ്ടി ഞാൻ അവൾക്കു നദിപോലെ ജാതികളുടെ മഹത്വവും നീട്ടിക്കൊടുക്കും. നിങ്ങളെ പാർശ്വത്തിൽ എടുത്തുകൊണ്ടു നടക്കയും മുഴങ്കാലിന്മേൽ ഇരുത്തി ലാളിക്കയും ചെയ്യും. അമ്മ ആശ്വസിപ്പിക്കുന്നതുപോലെ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. നിങ്ങൾ യെരുശലേമിൽ ആശ്വാസം പ്രാപിക്കും. അതുകണ്ടിട്ടു നിങ്ങളുടെ ഹൃദയം സന്തോഷിക്കും ” (യെശ. 66:12)

ഒക്ടോബർ മാസം നമ്മെ വിട്ട് കടന്നുപോയി. നവംബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

കർത്താവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്ന നാളികളാണിത്. ഞാൻ നിങ്ങളെ ഒരു നാളും കൈവിടുകയില്ല. ഉപേക്ഷിക്കയുമില്ല. കർത്താവിന്റെ ഈ വാക്കുകൾ നമ്മെ ധൈര്യപ്പെടുത്തുകയും ഉറപ്പിക്കുകയും എല്ലാ പ്രതികൂലങ്ങളെയും തരണം ചെയ്യാൻ നമ്മെ സഹായിക്കുന്നതുമാണ്. കർത്താവ് നമ്മോട് കൂടെ ഉണ്ടെങ്കിൽ എല്ലാ കഷ്ടതകളെയും തരണം ചെയ്യുവാൻ നമുക്ക് സാധിക്കും.

നമുക്ക് ദൈവവുമായി നല്ലൊരു ബന്ധം സ്ഥാപിക്കാം. ഈ ബന്ധത്തിൽ നിന്ന് നമ്മെ അകറ്റുന്ന യാതൊന്നും നമ്മിൽ കടന്നു വരാതെ നമ്മെത്തന്നെ സൂക്ഷിക്കാം. ദൈവവുമായി പറ്റിച്ചേർന്ന ഒരു ജീവിതം നമുക്കുണ്ടാകട്ടെ. ഈ ലോകത്തിൽ എന്ത് സംഭവിച്ചാലും നാം ഒന്നിനേയും ഭയപ്പെടേണ്ടതില്ല. ഈ ദിവസങ്ങളിൽ ദൈവത്തോട് നമുക്ക് പറ്റിയിരിക്കാം. അതിന് ദൈവം കൃപ നൽകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം


# ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
**E-mail:bindhum1971@yahoo.in**

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

# പ്രാർത്ഥിക്കുമ്പോൾ നിങ്ങൾക്കുവേണ്ടി യേശു എന്തു ചെയ്യുവാൻ ആഗ്രഹിക്കുന്നു?

By BIll Elliff

യേശു പ്രാർത്ഥിക്കുന്നു (ഇപ്പോഴും പ്രാർത്ഥിക്കുന്നു) ഒരിക്കലും നിർത്താതെ. യേശു ഭൂമിയിലായിരുന്ന സമയത്തു തന്റെ പിതാവിനോടു ഏതു നേരത്തും പ്രാർത്ഥിച്ചു കൊണ്ടിരുന്നു. വിശുദ്ധ വേദപുസ്തകം, അവന്റെ ഭൂമിയിലെ ജീവിതാവസാനത്ത് പ്രാർത്ഥിച്ചത് വളരെ വ്യക്തതയോടുകൂടി രേഖപ്പെടുത്തിയിരിക്കുന്നു.

യോഹന്നാന്റെ സുവിശേഷം 17-ാം അദ്ധ്യായത്തിൽ അതു രേഖപ്പെടുത്തിയിരിക്കുന്നു, താങ്കൾ യഥാർത്ഥമായിട്ടു ഒരു ക്രിസ്തുവിന്റെ പിൻഗാമി ആണെങ്കിൽ അവിടുന്നു താങ്കൾക്കായിട്ടാണ് പ്രാർത്ഥിച്ചത്. അവനെ അനുഗമിക്കുന്നവർക്കു വേണ്ടി അവിടുന്നു അന്നു പ്രാർത്ഥിച്ചപ്പോൾ നമ്മെയും അവൻ അവരുടെ കൂട്ടത്തിൽ ചേർത്തു പ്രാർത്ഥിച്ചു, അവന്റെ ശിഷ്യന്മാരിൽ കൂടി യേശുവിനെ അറിഞ്ഞ് അവനെ അനുഗമിക്കുന്നവർക്കുവേണ്ടി യേശു അന്ന് പ്രാർത്ഥിച്ചു. ഇവർക്കു വേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു (യോഹ. 17:20).

അതുകൊണ്ടു ക്രിസ്തുവിന്റെ ഏറ്റവും വലിയ ആഗ്രഹം തന്നെ അനുഗമിക്കുന്നവരെക്കുറിച്ചുള്ളതാണ്, അവന്റെ പ്രാർത്ഥനയിൽ വെളിപ്പെടുത്തിയതുപോലെ അവന്റെ പ്രാർത്ഥന പടിപ്പിക്കുന്ന ഒരു കാര്യം നമുക്കു വേണ്ടി പ്രാർത്ഥിക്കുവാനും അവനെ അറിയുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുവാനുമാണ്.

" പിതാവിനു അവന്റെ പുത്രനു ജീവനുണ്ടന്നുള്ളതു നമ്മൾ അനുഭവിച്ചറിയുന്നതിനു വേണ്ടി?

ഏക സത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നേ നിത്യജീവൻ ആകുന്നു " (യോഹ. 17:3).

" അവന്റെ നാമത്താൽ നമ്മൾ അവരെ സംരക്ഷിക്കണം. പരിശുദ്ധപിതാവേ, അവർ നമ്മെപോലെ ഒന്നാകേണ്ടതിനു നീ എനിക്കും തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ " (യോഹ. 17:11).

**നാം അവനിൽ ഒന്നാകേണ്ടതിനു**

ഈ ഞാൻ ലോകത്തിൽ ഇരിക്കുന്നില്ല. ഇവരോ ലോകത്തിൽ ഇരിക്കുന്നു. ഞാൻ നിന്റെ അടുക്കൽ വരുന്നു. പരിശുദ്ധപിതാവേ, അവർ നമ്മെപ്പോലെ ഒന്നാകേണ്ടതിനു നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നേ നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു പിതാവേ, നീ എന്നിലും ഞാൻ നിന്നുലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നേ നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരേയും സ്നേഹിക്കുന്നു എന്നു ലോകം അറിവാൻ നാം ഒന്നാകേണ്ടതിനു ഞാൻ അവനിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിനു തന്നേ. (യോഹ. 17:11, 21-23).

**ക്രിസ്തുവിന്റെ സന്തോഷം നമ്മിൽ പൂർണ്ണമാകാൻ വേണ്ടി**

" ഇപ്പോഴോ ഞാൻ നിന്റെ അടുക്കൽ വരുന്നു; എന്റെ സന്തോഷം അവർക്കു ഉള്ളിൽ പൂർണ്ണമാകേണ്ടതിനു ഇതു ലോകത്തിൽ വെച്ചു സംസാരിക്കുന്നു " (യോഹ. 17:13).

**ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം അവരെ കാത്തുകൊള്ളേണം.**

അവരെ ലോകത്തിൽ നിന്നു എടുക്കേണം എന്നല്ല, ദുഷ്ടന്റെ കയ്യിൽ അകപ്പെടാതെവണ്ണം അവരെ കാത്തുകൊള്ളേണം എന്നത്രേ ഞാൻ അപേക്ഷിക്കുന്നതു (യോഹ. 17:15).

**സത്യത്തിൽ കൂടി നാം വിശുദ്ധീകരിക്കപ്പെടുവാൻ**

ഞാൻ ലൗകികനല്ലാത്തതു

(ശേഷം 6-ാംപേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| **അംഗീകരിക്കുക** | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)* |
| **പശ്ചാത്തപിക്കുക** | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| **ഏറ്റുപറയുക** | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| **ഉപേക്ഷിക്കുക** | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| **ശുദ്ധീകരിപ്പെടുക** | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| **വിശ്വസിക്കുക** | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| **സമർപ്പിക്കുക** | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| **പ്രാപിച്ചെടുക്കുക** | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |
| **സ്നാനം ഏൽക്കുക** | *വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)* |

(1-ാംപേജിന്റെ തുടർച്ച)

**ധൈര്യത്തോടെ കൃപാസനത്തിൽ**

ഒരു പ്രാവശ്യം കൂടി ധൈര്യത്തോടെ എന്നതിന്റെ അർത്ഥം ഉത്സാഹത്തോടെ കടന്നു വരിക എന്നതാണ്. ഒരു നല്ല ഉത്സാഹത്തോടുള്ള പ്രവർത്തി ഒരു നാളും ഉപേക്ഷിക്കുവാൻ കഴിയുകയില്ല. കർത്താവ് ചില സമയങ്ങളിൽ നമ്മുടെ പ്രാർത്ഥനയുടെ ഉത്തരം നല്കുന്ന കാര്യത്തിൽ അല്പം താമസിക്കുകയും ഒരു ചെറിയ കാത്തിരിപ്പിനു ശേഷം അതു നമ്മൾക്കു നല്കി തരികയും ചെയ്യുമ്പോഴാണ് ശരിക്കു നമ്മൾക്കു മനസ്സിലാക്കുവാൻ കഴിയുന്നത് അതിന്റെ മൂല്യം/ വില എന്തായിരുന്നുവെന്ന്. അവിടുന്നു നമുക്കു വേണ്ടിയുള്ളത്, ചോദിക്കുക, അന്വേഷിക്കുക, മുട്ടുക, വീണ്ടും വീണ്ടും എന്നതാണ്. പ്രാപിക്കുവോളം നമ്മൾ അടങ്ങിയിരിക്കരുത്. താങ്കൾക്ക് ഉറപ്പു ഉണ്ടെങ്കിൽ, ചോദിക്കുന്നതു കർത്താവിന്റെ ഇഷ്ടപ്രകാരമുള്ളതാണെന്നും, എങ്കിൽ നമ്മൾക്ക് അതിലേക്കു കടന്നു വരാം. " ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ലാത്ത ആ ദുഷ്ടനായ ന്യായാധിപന്റെ മുമ്പിൽ ന്യായം ബോധപ്പിക്കുന്നതിനു വേണ്ടി കടന്നു വന്ന ആ സാധുവായ വിധവയെപോൽ" (ലൂക്കോ. 18:1-8), നമ്മുടെ ഹൃദയത്തിലെ ആഗ്രഹങ്ങൾ ലഭിക്കുവോളം കർത്താവിന്റെ മുമ്പിൽ നാം നില്ക്കണം.

**ധൈര്യത്തിനുള്ള കാരണങ്ങൾ**

നമ്മൾക്ക് ഇപ്പോൾ വ്യക്തമായ ഒരു കാരണമുണ്ട് ഈ ധൈര്യത്തിന് : നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക. അപ്പോസ്തലൻ ഈ കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുന്നതിനു കുറെ കാരണങ്ങൾ ഉണ്ട്. ഞാൻ അതെല്ലാം ചെറിയ രീതിയിൽ നിങ്ങൾക്ക് എഴുതി തരാം.

ഒന്നാമതായി, നമ്മൾ പ്രാർത്ഥനയ്ക്ക് ക്ഷണിക്കപ്പെട്ടവരാണ്. കർത്താവ് നിങ്ങളുടെ വിഷയങ്ങൾ അറിഞ്ഞു അതിൻ മേൽ പ്രവർത്തിക്കുവാൻ മനസ്സിലായിരുന്നുവെങ്കിൽ ഒരിക്കലും നമ്മെ കർത്താവിന്റെ മുമ്പിൽ പ്രാർത്ഥിക്കുവാൻ ക്ഷണിക്കുകയില്ലായിരുന്നു. ഒരു സാമാന്യ ബുദ്ധിയുള്ള വ്യക്തിയും തന്റെ പ്രിയ സുഹൃത്തുക്കളെ ഒരു വിരുന്നുസൽക്കാരത്തിനായിട്ടു ക്ഷണിച്ചിട്ട് വെറുതെ പറഞ്ഞു വിടുകയില്ല. അതുകൊണ്ടു ഒരു പ്രധാനപ്പെട്ട ദൈവീക ഉദ്ദേശ്യം നമ്മെ കർത്താവ് പ്രാർത്നഥയ്ക്കായിട്ടു ക്ഷണിച്ചതിന്റെ കാരണം നമ്മൾക്കു വേണ്ടി അനേകം അനുഗ്രഹങ്ങൾ കാത്തിരിക്കുന്നുള്ളതുകൊണ്ടാണ്.

**നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക.**

കൃപാസനത്തിൽ ഇരിക്കുന്ന രാജാവിന്റെ സ്വഭാവം എന്താണെന്നു നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. അവിടുത്തെ സ്നേഹത്തിനും കരുണയ്ക്കും ഒരു അതിരുകളും ഇല്ല. അവൻ തന്റെ സൃഷ്ടികളെ സമൃദ്ധിയായിട്ടു അനുഗ്രഹിക്കുവാൻ ആഗ്രഹമുള്ളവനാണ്. അവിടുത്തെ ശക്തിക്കു യാതൊരു പരിധികളുമില്ല. "എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നുവെന്നു " (എഫെ. 3:20). അവിടുത്തെ ബുദ്ധിക്കു പരിധികളില്ല. അതുകൊണ്ടു എല്ലാ നല്ല ദാനങ്ങളാലും അനുഗ്രഹിക്കുവാൻ കഴിയുന്നു. അവിടുത്തെ സ്വഭാവത്തിനും പ്രകൃതിക്കുമെല്ലാം യാതൊരു പരിധിയും ഇല്ലാത്തതുകൊണ്ട് നമ്മൾക്കു കഴിയാത്ത കാര്യങ്ങൾ നമ്മൾക്കായിട്ടു നല്കി തന്ന് നമ്മെ അനുഗ്രഹിക്കുവാൻ അവിടുന്ന് കഴിയുന്നത്, എത്ര വലിയ നമ്മുടെ ആവശ്യങ്ങളിലും ദൈവത്തിനു പ്രവർത്തിക്കുവാൻ സാധിക്കുന്നു.

പ്രിയപ്പെട്ടവരെ, നിങ്ങൾ എപ്പോഴും ഓർക്കുന്നുണ്ടോ, കൃപാസനത്തിങ്കലേയ്ക്കു കടന്നു വരുമ്പോൾ, താങ്കൾ ഒരു രാജാവിന്റെ അടുത്തേക്കാണ് വരുന്നതെന്ന് നിങ്ങൾക്കായിട്ട് സകലതും നല്കി തരുന്ന ഒരു രാജാവാകുന്നു. നിങ്ങളുടെ വായ് വിസ്താരത്തിൽ എപ്പോഴും തുറന്നു കത്താവിനോടു ചോദിക്കുന്നുണ്ടോ, നിങ്ങൾക്ക് നല്ല ദാനങ്ങളെ നല്കുവാൻ ആ രാജാവിനു കഴിയുമെന്ന്? ഓ, ഞാൻ അങ്ങു ചിന്തിച്ചു പോകുകയാണ്. ദൈവം യേശുക്രിസ്തുവിൽ കൂടി വെളിപ്പെടുത്തിയപ്പോൾ കൃപാസനത്തിൽ ഇരിക്കുന്ന ഒരു രാജാവാണ് അവിടുന്നു എന്നു ഞാൻ ഓർത്തപ്പോൾ, എനിക്ക് തോന്നിപ്പോയി ഞാൻ ആവർത്തിക്കപ്പെട്ട ഉപദേശം സ്വീകരിക്കപ്പെട്ടുവെന്നു.

**നാം ധൈര്യത്തോടെ കൃപാസനത്തിനു അടു ത്തു ചെല്ലുക.**

ഓ, ക്രിസ്ത്യാനിയെ, ഓർത്തു കൊള്ളുക, കൃപസത്തിൽ ഇരിക്കുന്ന രാജാവിനോടുള്ള നിങ്ങളുടെ ബന്ധം എപ്രകാരം ഉള്ളതാണ്? നിങ്ങൾ ഒരിക്കലും അവിടുത്തെ ഒരു സാധാരണ വേലക്കാരനല്ല. നിങ്ങൾ അവന്റെ സന്തതിയാണ്. ദൈവത്തിന്റെ അന്തരാവകാശിയാണ്. നിങ്ങൾ അവന്റെ അനന്തരവകാശികളായതുകൊണ്ട് നിങ്ങൾ ചൊദിച്ചതെല്ലാം അത് നിങ്ങൾക്ക് പ്രാപിച്ചെടുക്കുവാനുള്ള ഒരു വലിയ അവകാശം ഉണ്ട് അതു നിങ്ങളുടെ വലിയ ഉത്തരവാദിത്വവും ആണ്. എന്നെങ്കിലും ഒരു കുട്ടി തന്റെ സ്നേഹനിധിയായ പിതാവിന്റെ മുമ്പിൽ പേടിച്ചു നിന്നുപോയിട്ടുണ്ടോ. തന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായിട്ടു ഏതെങ്കിലും മകൻ ഒരു അടിമയെപോൽ തന്റെ പിതാവിന്റെ മുമ്പിൽ നിന്നിട്ടുണ്ടോ? വിറക്കുന്ന കരങ്ങളാൽ ഞാൻ എന്റെ പിതാവിനു ഏതേങ്കിലും അപേക്ഷയോ, ആവശ്യങ്ങളോ കൊടുത്തിട്ടുണ്ടോ, ഞാൻ സ്നേഹിക്കുന്ന എന്റെ പിതാവിന്റെ മുമ്പിൽ? എനിക്കു അവനോടു നല്ല സ്നേഹം ഉണ്ടെങ്കിൽ അതു എല്ലാ ഭയത്തെയും ദൂരികരിക്കുന്നു (1 യോഹ. 4:18). അതുകൊണ്ടു വിശ്വാസത്താൽ യേശുക്രിസ്തവിൽകൂടി ദൈവത്തിന്റെ മക്കളായി തീർത്തിരിക്കുകയാണ്.

**നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തുചെല്ലുക.**

പരിശുദ്ധാത്മാവ് നമ്മൾക്ക് എങ്ങനെയാണ് പ്രാർത്ഥിക്കേണം എന്നുള്ളത് പഠിപ്പിച്ച് തരുന്നു. ഇപ്പോൾ പരിശുദ്ധാത്മാവ് ദൈവത്തിന്റെ മനസ്സു അറിയുന്നു. അതുകൊണ്ടു ദൈവം നമ്മൾക്കു നല്കി തരുവാൻ ഉദ്ദേശ്യമില്ലാത്ത ആവശ്യങ്ങളിലേക്കു പരിശുദ്ധാത്മാവ് നമ്മെ പ്രാർത്ഥനയിൽ നയിക്കുന്നില്ല. ദൈവത്തിന്റെ വരുന്ന അനുഗ്രഹങ്ങളുടെ നിലയാണ് മിക്കപ്പോഴും പ്രാർത്ഥന. എന്നാൽ ദൈവീക ഇഷ്ടങ്ങൾ പൂർത്തീകരിക്കുന്നതിനു മുമ്പെ, അനുഗ്രഹീതമായ ഈ .....പരിശുദ്ധാത്മാവു വിശ്വാസികളുടെ ഹൃദയങ്ങളിൻ മീതെ അയക്കുകയും അങ്ങനെ, വിശ്വാസികൾ പ്രാർത്ഥിക്കുന്ന സമയത്തു അവൻ ആവശ്യപ്പെടുന്നതു നിത്യതയുടെ കാലം മുതൽ ദൈവജനത്തിനായിട്ടു ചെയ്യുവാനുള്ള പ്രവർത്തികൾ ചെയ്യുവാൻ വേണ്ടി ആവശ്യപ്പെടുന്നു. നമ്മൾ കർത്താവിന്റെ മുമ്പാകെ പ്രാർത്ഥനയ്ക്കായിട്ടു വിഷയങ്ങൾ ദൈവമുമ്പാകെ അർപ്പിക്കുമ്പോൾ നമ്മൾക്ക് വിറയൽ അനുഭവപ്പെട്ടേക്കാം, എന്നാൽ പരിശുദ്ധാത്മാവിനാൽ എഴുതപ്പെട്ട വിഷയങ്ങളാണ് നമുക്ക് ഉള്ളതെങ്കിൽ പ്രാർത്ഥന വേള

( (ശേഷം 5-ാം പേജിൽ )

(4-ാംപേജിന്റെ തുടർച്ച)

**ധൈര്യത്തോടെ കൃപാസനത്തിൽ**

യിൽ നമ്മൾ ഭയം/ഭീതികൾ ഉണ്ടാകുന്നില്ല.

**നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തുചെല്ലുക.**

പ്രിയപ്പെട്ടവരെ, അപ്പോൾ, നമ്മെ ഉത്സാഹിപ്പിക്കുന്നതിനുള്ള ഒരു മധുരിക്കുന്ന ചിന്തയാണ്. **നാം ധൈര്യത്തോടെ കൃപാസനത്തിനു അടു ത്തു ചെല്ലുക** എന്നുള്ളത്. അതെ സമയം, ഇതു തന്നെയാണ് വലിയതു, വിലപ്പെട്ടതുമായ വാഗ്ദത്തങ്ങൾ നമ്മുടെ തിരുവചനത്തിൽ ഉള്ളത്. ദൈവം വാഗ്ദത്തെ ചെയ്തിട്ടില്ലാത്ത വിഷയങ്ങളാണ് നമ്മൾ പ്രാർത്ഥിക്കുന്നുവെങ്കിൽ നമ്മൾക്ക് ഭയം തോന്നും. അതെ സമയം എല്ലാ അടിയന്തര സമയങ്ങളിലും പ്രാർത്ഥനയാൽ ദൈവ മുമ്പാകെ സമീപിക്കുവാൻ കർത്താവ് പറയുന്നു " ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കയും ഇല്ല" (എബ്രാ. 13:5). നിന്റെ ഓടമ്പൽ ഇരിമ്പും താമ്രവും ആയിരിക്കട്ടെ. നിന്റെ ബലം ജീവപര്യന്തം നില്ക്കട്ടെ. നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു അപേക്ഷിക്കുന്നതൊക്കെയും അവൻ നിങ്ങൾക്കു തരുവാനായിട്ടു തന്നേ" (യോഹ. 15:16). ഞാൻ ഇതിന്റെ അവസാന ഭാഗത്തു ചില വാഗ്ദത്തങ്ങളെ കൂട്ടി ചേർക്കുവാൻ ആഗ്രഹിക്കുന്നു. അതു നിങ്ങൾക്ക് വളരെ പ്രയോജനകരമായി തീരും, നിങ്ങൾ നിങ്ങളിൽ തന്നെ സ്വയം പരിശോധിക്കുമ്പോൾ, പ്രത്യേകിച്ചു യേശുക്രിസ്തുവിനെ കുറിച്ച് അപ്പോസ്തലനായ പൗലൊ സു എഴുതിയിരിക്കുന്നത് ഓർത്തുനോക്കുമ്പോൾ ജ്ഞാനി എവിടെ? ശാസ്ത്രി എവിടെ? ഈ ലോകത്തിന്റെ താർക്കികൻ എവിടെ? ലോകത്തിന്റെ ജ്ഞാനം ദൈവം ഭോഷത്വമാക്കിയില്ലയോ? (2കൊരി. 1:20). ഇവിടെ പറയപ്പെട്ടിരിക്കുന്ന വാഗ്ദത്തങ്ങൾ എല്ലാം ദൈവം നമുക്ക് വെറുതെ നല്കുന്നതാണ്. അതുകൊണ്ടു അതു വിലയേറിയതാണ്. ഇതൊന്നും നമ്മുടെ യോഗ്യതകളുടെ അടിസ്ഥാനത്തിലുള്ളതല്ല. ഇതൊക്കെയും ദൈവത്തിന്റെ കൃപയാലുള്ളതു മാത്രമാണ്. " ഭോഷ്കില്ലാത്ത ദൈവം സകല കാലത്തിനു മുമ്പെ വാഗ്ദത്തം ചെയ്ത നിത്യജീവന്റെ പ്രത്യാശ ഹേതുവായി " (തീത്തോ. 1:2). ആ സർവ്വശക്തനായ ദൈവം അതു അവിടുന്നു പ്രവർത്തിക്കുവാൻ ശക്തനാകയാൽ ഈ വാഗ്ദത്തങ്ങളെല്ലാം നമുക്കായിട്ടു ഉണ്ടാക്കിയിരിക്കുന്നു.

**നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തുചെല്ലുക.**

കൃപാസനത്തിനു അടുത്തു വരുവാൻ ഇനിയും നമ്മൾക്ക് അധികമായിട്ടു ഏതെങ്കിലും ശ്കിത ലഭിക്കണമെങ്കിൽ നമുക്ക് ദൈവം അവിടുത്തെ ഏകജാതനായ പുത്രനെ തന്നതു മറന്നുപോകരുത്. അപ്പോസ്തലനായ പൗലൊസു ചോദിച്ചതു പോലെ നമ്മൾക്കു ഈ ചോദ്യം ആവർത്തിക്കാം. "സ്വന്തപുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏല്പിച്ചുതന്നവൻ അവനോടുകൂടെ സകലവും നമുക്ക് നല്കാതിരിക്കുമോ?" (റോമ. 8:32). യേശു ക്രിസ്തുവിന്റെ വിശ്വാസികളായ ഞാനും നീയും കർത്താവു അവിടുത്തെ നാമത്താൽ നമ്മെ രക്ഷിക്കപ്പെടുത്തിയതു, അവിടുത്തെ എല്ലാം വിലയേറിയ അനുഗ്രഹങ്ങൾ നമ്മൾക്കായിട്ടു നല്കിയതുകൊണ്ടു അവൻ നമ്മുടെയിടയിൽ കുറുച്ചു കരുണ മാത്രമേ കാണുക്കുകയുള്ളോ? ക്രിസ്തുവിൽ എന്റെ സഹോദരി, സഹോദരനാമാരേ, അങ്ങനെ നമ്മുടെ കർത്താവ് നമുക്കായിട്ടു വലിയതു ചെയ്തിരിക്കുകയാൽ അവനു ഒരിക്കലും കേൾവി ശക്തിയില്ലാത്ത ഒരു ചെവിയുമായിട്ടു നമ്മുടെ പ്രാർത്ഥന വിഷയങ്ങൾ ശ്രവിക്കുവാൻ വേണ്ടി ഇരിക്കുന്നില്ല, പ്രത്യേകിച്ചു പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ നമ്മൾ നയിക്കപ്പെടുന്ന സമയത്തു അതുകൊണ്ടു **നാം ധൈര്യത്തോടെ കൃപാസനത്തിനു അടു ത്തു ചെല്ലുക** .

ഇതുകൂടാതെ നമ്മളിൽ പലർക്കും അനേക വർഷങ്ങളുടെ പ്രാർത്ഥനയുടെ അനുഗ്രഹങ്ങൾ ഉള്ളവരാണ്. കർത്താവിന്റെ കരുണാസനത്തിനു മുമ്പാകെയുള്ള നിങ്ങളുടെ ആത്മാവിന്റെ പരിപോഷനത്തിനുവേണ്ടിയുള്ള വ്യാപാരത്തിനു ചിലർക്കുഅൻപതു വർഷത്തെ അനുഭവങ്ങൾ ഉണ്ടായിരിക്കാം. നിങ്ങൾ വലിയ പ്രതിസന്ധിയിൽ കൂടെ കടന്നുപോയപ്പോൾ കർത്താവ് നിങ്ങൾക്ക് വിടുതൽ നല്കി പുറത്തു കൊണ്ടു വന്നത് ഓർമ്മയില്ലേ? നിരാശയുടെ പടുകുഴിയിൽ നിങ്ങൾ താണുപോയപ്പോൾ നിന്റെ മേൽ പ്രകാശിപ്പിച്ച നീതിസൂര്യനായ കർത്താവിന്റെ തേജസിന്റെ കിരണങ്ങളുടെ ഊഷ്മളത ഇന്നും നിങ്ങൾക്ക് അനുഭവമായി തീരുന്നതു ഓർമ്മയില്ലേ? ദാരിദ്ര്യത്തിൽ കിടന്നപ്പോൾ പ്രാർത്ഥനയാൽ നിന്റെ കരങ്ങളിലും, മേശമേലും ആഹാരം കൊണ്ടു വന്നതു ഓർമ്മയില്ലേ? കാക്ക വരാതിരുന്ന സമയത്തു, ഒരു വിധവയെ നിനക്കായിട്ടു ഒരുക്കിയതു ഓർമ്മയില്ലേ? ഏലിയാവിന്റെ ദൈവത്താൽ നിന്നെ പോഷിപ്പിച്ച ആ ദൈവം, നിങ്ങളുടെ കണ്ണുനീരിന്റെ മുമ്പാകെ, ആത്മാർത്ഥതയുള്ള പ്രാർത്ഥനയുടെ മുമ്പാകെ കരളലിഞ്ഞ കർതൃകരങ്ങൾ ഇന്നു നീ കാണുന്നില്ലേ? പ്രാർത്ഥിച്ചതു എന്താണ് നിനക്കു ലഭിക്കാതെ ഇരുന്നത്? ധാരാളം ദൈവപ്രവർത്തികൾ ഉണ്ട്, നിന്റെ പ്രാർത്ഥനയാൽ തുറക്കപ്പെട്ട കരുണയുടെ വാതിലുകൾ എത്രയോ പ്രാവശ്യങ്ങൾ ഓർമ്മകളിൽ വരുന്നു, അതുകൊണ്ടു വീണ്ടും നമുക്കു പറയാം **നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക** .

**നമ്മുടെ ഏറ്റവും ശ്രേഷ്ഠനായ മഹാപുരോഹിതൻ**

കൃപാസനത്തിനു അടുത്തു ധൈര്യത്തോടെ നാം അടുത്തു വരേണ്ടതിന്റെ കാരണങ്ങൾ അപ്പോസ്തലനായ പൗലൊസ് പറയുന്നത്, അത് ഞാൻ ഇവിടെ ചുരുക്കമായിട്ടു പറഞ്ഞിട്ടു അവസാനിപ്പിക്കട്ടെ. ഞാൻ ഇപ്പോൾ തന്നേ ചില കാരണങ്ങൾ പറഞ്ഞിരിക്കുകയാണ്, എന്നാൽ ഞാൻ ചിന്തിക്കുന്നു. ഇതായിരിക്കും ഏറ്റവും നല്ല കാരണമെന്നു "നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളതു. അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപസനത്തിനു അടുത്തു ചെല്ലുക " (എബ്രാ. 4:15,16). അതാണ് പറയുന്നത് നമുക്കു വേണ്ടി ദൈവം സദാസമയവും യാചിക്കുന്നു, അവനിൽ വിശ്വസിക്കുന്ന ഏതൊരു വ്യക്തിക്കും അവനാൽ വിഷയങ്ങളിൽ നീക്കു പോക്കു ലഭിക്കുന്നു. കാരണം പിതാവായ ദൈവത്തിനു മുമ്പാകെയുള്ള ഏകവും മഹാനായ ഒരു പ്രതിനിധിയാണ് അവിടുന്നു, ആ ദൈവപിതാവിന്റെ ഏകജാതനായ പുത്രൻ നമുക്കായിട്ടു എന്നും പിതാവിന്റെ വലത്തു ഇരുന്നു കൊണ്ടു പക്ഷപാദം ചെയ്യുന്നു. അതെ, അവനാണ് നിത്യതയുടെ ദൈവം. അവന്റെ അഗ്രഹമോ, അതിരുകളില്ലാത്ത യഹോവയായ ദൈവത്തിനു മുമ്പാകെ നമ്മുടെ

( ശേഷം 8-ാം പേജിൽ)

(2-ാംപേജിന്റെ തുടർച്ച)

**പ്രാർത്ഥന സത്യവും ആഴത്തിലുമുള്ള ഒരു സന്തോഷമാണ്.**

നല്ല സ്വാതന്ത്ര്യമാണു നമ്മുടെ ആത്മാവിനു ഇതു നല്കുന്നതു! നമ്മുടെ പിതാവിനെയാണ് നാം സമീപിക്കുന്നതെന്നുള്ള ആ വലിയ അറിവ്!

രണ്ടാമതായി, പ്രാർത്ഥനയിലെ സന്തോഷം എന്നതു ഹൃദയത്തിന്റെ അനുമോദനവും കൃപാസനത്തിൽ ഇരിക്കുന്ന ദൈവത്തെക്കുറിച്ചുള്ള ആത്മാവിന്റെ ദൃഷ്ടിയിലേക്കു നമ്മെ നയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഒരു സമൃദ്ധിയുടെ കാഴ്ച ഒരിക്കലും ജഡികമായ ഇച്ഛാഭോഗത്തിന്റെ അല്ലതാനും, എന്നാൽ വിശ്വാസത്താൽ നമ്മൾ കാണുന്നത് ആണ്. “ വിശ്വാസത്താൽ അവൻ അദൃശ്യദൈവത്തെ കണ്ടതുപോലെ മറെച്ചു നില്ക്കയാൽ രാജാവിന്റെ കോപം ഭയപ്പെടാതെ മിസ്രയീം വിട്ടു പോന്നു” (എബ്രാ. 11:27). വിശ്വാസം ആരംഭിക്കുന്നതു അദൃശ്യമായ കാര്യങ്ങളിൽ തെളിവുകളിലാണ്. “ വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു” (എബ്രാ. 11:1). വിശ്വാസത്താൽ സകലതും വ്യക്തമായും നിശ്ചയമായും ദർശിക്കുന്നതിനെയാണ് ഇങ്ങനെ പറയുന്നത്. അങ്ങനെയുള്ള നമ്മുടെ കാഴ്ചപാടു നമ്മുടെ ജീവിതത്തിൽ ഒരു തരത്തിലുള്ള ആവേശമാണു ഉണർത്തുന്നത്. അതുകൊണ്ടും നമ്മൾ ദൈവത്താൽ ആഹ്വാനം ചെയ്യപ്പെട്ടിരിക്കുകയാണ്. **“അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്ത ചെല്ലുക** ” (എബ്രാ. 4:16).

മൂന്നാമതായി നമ്മൾ നേർത്തെ വായിച്ച വേദഭാഗത്തിന്റെ അടിസ്ഥാനത്തിൽ പ്രാർത്ഥനയിൽ നമുക്കു അനുഭവിക്കുവാൻ സാധിക്കുന്ന സ്വാതന്ത്ര്യത്തിന്റെയും സന്തോഷവും നമ്മളെ ഒരു പുതിയ അവബോധത്തിലേയ്ക്ക് നയിക്കുന്നു. ദൈവമായ പിതാവ് തന്റെ പുത്രനിൽ കൂടി പാപിയായ മനുഷ്യന്റെ മേൽ പരിമിതിയില്ലാത്ത കരുണയും, കൃപയും ദാനം ചെയ്യുന്നു എന്നുള്ളതാണ്. കർത്താവായ ദൈവത്തിനു യാതൊരു വൈമനസ്യവും കൂടാതെയാണ് അവിടുത്തെ കൃപ നമ്മുടെ മേൽ ചൊരിയുന്നതു. അതുകൊണ്ടു നമുക്ക് എല്ലാം സാധ്യമായിതീരുന്നു. നമ്മൾ സ്വീകരിക്കുന്നതിലും അധികം നാം നമുക്കായിട്ട് അവിടുന്നു നല്കുവാൻ തയ്യാറുള്ളവനാണ്. “ അതുകൊണ്ട് യെശ. 30:18 അവൻ വെളിപ്പെടുത്തുന്നത്, അതുകൊണ്ടു യഹോവ നിങ്ങളോടു കൃപകാണിപ്പാൻ താമസിക്കുന്നു. അതുകൊണ്ടു അവൻ നിങ്ങളോടു കരുണ കാണിക്കാത വണ്ണം ഉയർന്നിരിക്കുന്നു: യഹോവ ന്യായത്തിന്റെ ദൈവല്ലോ. അവനായി കാത്തിരിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ” (യെശ. 30:18). അതെ, അവൻ കാത്തിരിക്കുകയാണ് നമ്മുടെ മാനസാന്തരത്തിനും അവനെ അന്വേഷിക്കുന്നതു കാണുവാനും വേണ്ടി. വിശ്വാസത്തോടു നമ്മൾ അവനെ സമീപിക്കുമ്പോഴാണ് അവിടുന്നു ധാരാളം അനുഗ്രഹങ്ങൾ അനുഭവിക്കുവാൻ സാധിക്കുന്നതു. നീതിമാൻമാരുടെ നിലവിളിക്കായി തുറുന്നിരിക്കയും കർത്താവിന്റെ ചെവികൾ ഏതു സമയത്തും “അതുകൊണ്ടു നാം ദുർമനസാക്ഷിനീങ്ങുമാറു ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ടു പരമാർത്ഥഹൃദയത്തോടു അടുത്തുചെല്ലുക” (എബ്രാ.10:22). “ഒന്നിനെകുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടെ അറിയിക്കുകയത്രേ വേണ്ടതു. എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളേയും ക്രിസ്തുയേശുവിൽ കാക്കും” (ഫിലി. 4:6,7). ❖

(3-ാംപേജിന്റെ തുടർച്ച)

പോലെ അവരും ലൗകികന്മാരല്ല. സത്യത്താൽ അവരെ വിശുദ്ധാകരിക്കേണമേ. നിന്റെ വചനം സത്യം ആകുന്നു. നീ എന്നെ ലോകത്തിലേയ്ക്ക് അയച്ചതുപോലെ ഞാൻ അവരേയും ലോകത്തിലേക്കു അയച്ചിരിക്കുന്നു. അവരും സാക്ഷാൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിനു ഞാൻ അവർക്കു വേണ്ടി എന്നെത്തന്നേ വിശുദ്ധീകരിക്കുന്നു (യോഹ. 17:16-19).

**ലോകം നമ്മിൽ കൂടി ക്രിസ്തുവിൽ വിശ്വസിക്കുവാൻ**

നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നേ. നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരേയും സ്നേഹിക്കുന്നു എന്നു ലോകം അറിവാൻ നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിനു തന്നേ (യോഹ. 17:21-23).

**അവന്റെ മഹത്വം ഉള്ളെടത്തു നാം ആയിരിക്കുവാൻ.**

“ പിതാവേ, നീ ലോകസ്ഥാപനത്തിനു മുമ്പെ എന്നെ സ്നേഹിച്ചിരിക്കകൊണ്ടു എനിക്കു നല്കിയ മഹത്വം നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിനു ഞാൻ ഇരിക്കുന്നിടത്തു അവരും എന്നോടുകൂടെ ഇരിക്കണം എന്നു ഞാൻ ഇച്ഛിക്കുന്നു ” (യോഹ. 17:24).

**ക്രിസ്തുവിന്റെ സ്നേഹം നമ്മിൽ ആകുവാനും, നമ്മിൽ കൂടെ അവൻ നമ്മിൽ ആകുവാനും**

“ നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവനിൽ ആകുവാനും ഞാൻ അവനിൽ ആകുവാനും ഞാൻ നിന്റെ നാമം അവർക്കു വെളിപ്പെടുത്തിയിരിക്കുന്നു. ഇനിയും വെളിപ്പെടുത്തും ” (യോഹ. 17:26)

ഇതാണ് നിങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ ആഗ്രഹം! നിങ്ങൾ ഒരു വിശ്വാസിയാണെങ്കിൽ ഇതു നിങ്ങളുടെ ജന്മാവകാശമാണ്. ഒരു നിമിഷം എല്ലാം ഒന്നു നിർത്തി വച്ചിട്ടു ശാന്തമായിട്ടു ഒന്നു ചിന്തിക്കുക! ഇനിയും നിങ്ങൾക്കറിയാവുന്ന മറ്റുള്ള വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുക. വരുംകാലങ്ങളിൽ വിശ്വാസത്തിലേക്ക് വരുവാൻ സാധ്യതയുള്ളവർക്കായിട്ടു പ്രാർത്ഥിക്കണം. അറിയട്ടെല്ലാവരും, യേശുക്രിസ്തു അവർക്കുവേണ്ടിയുള്ളവനാണെന്ന്. നിങ്ങളുടെ കുടുംബ പ്രാർത്ഥനയിൽ ആവർത്തിക്കപ്പെട്ട് ഇതു പ്രാർത്ഥിക്കുക. ഇതാണ് നിങ്ങളെക്കുറിച്ചുള്ള കർത്താവിന്റെ ആഗ്രഹം. ❖

## ഭാഗ്യവാൻ ആർ?

**“ ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നില്ക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ ”.**

(കഴിഞ്ഞ ലക്കം തുടർച്ച)

## പരിശുദ്ധാത്മാവും പ്രാർത്ഥനയും

എല്ലാ പ്രാർത്ഥനകളിലും ത്രിയേക ദൈവം, അവിടുത്തെ സാന്നിധ്യത്താൽ സമ്പന്നമാണ്. പിതാവ് നമ്മുടെ ആവശ്യങ്ങൾ കേൾക്കുന്നു. യേശു (പുത്രന്റെ) നാമത്തിൽ നമ്മൾ പ്രാർത്ഥിക്കുന്നു; പരിശുദ്ധാത്മാവ് നന്മകൾക്കായിട്ടു പ്രാർത്ഥിക്കുകയും അവിടുന്നു നമ്മളിൽ ആയിരിക്കുകയും ചെയ്യുന്നു. ഇപ്പോൾ നമുക്ക് മനസ്സിലാക്കാൻ പറ്റുന്നില്ലേ അതിന്റെ പ്രാധാന്യം - നമ്മൾ കർത്താവുമായിട്ട് ഒരു നല്ല/ ശരിയായ ബന്ധത്തിൽ ആയിരിക്കണമെന്നുള്ളതും, അവിടുത്തെ പ്രവർത്തികൾ മനസ്സിലാക്കേണ്ടതും!

ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്.

1. നമ്മൾക്ക് വളരെ ശക്തമായിട്ട് വിശ്വസിക്കാം, ഒരു ദൈവികമായ യാഥാർത്ഥ്യത്തെയും ദൈവപുത്രന്റെ ആത്മാവിനെ പരിശുദ്ധാത്മാവിനെയും നമ്മളിൽ വസിക്കുന്ന ആത്മാവിനെയും ഒരിക്കലും ചിന്തിക്കരുത്. താങ്കൾക്ക് ഇതു അറിയാമെന്നും, യാതൊരു ഗൗരവമായ പരിഗണനയും കൊടുക്കേണ്ടതില്ലെന്നും ഇതു ഒരു ചിന്തയാണ്. അതു മഹത്വവും ദൈവികവുമായതും ഇതിൽ കൂടെ നേടുവാനും നമ്മുടെ ഹൃദയത്തിനകത്ത് പ്രവേശിക്കുവാനും കഴിയുമെന്നുള്ള സത്യവും പരിശുദ്ധാത്മാവിൽ കൂടി മാത്രമേ നമ്മൾക്ക് അത് പ്രാപിക്കുവാൻ കഴിയുകയുള്ളൂ എന്നതും. “ നാം ദൈവത്തിന്റെ മക്കൾ എന്നു ആത്മാവു താനും നമ്മുടെ ആത്മാവോടു കൂടെ സാക്ഷ്യം പറയുന്നു ” (റോമ. 8:16). നമ്മുടെ സ്ഥാനത്തിനു ഒരു കടപാടു ഉണ്ട്; അതായത് വിശ്വാസത്തിന്റെ പൂർണ്ണവാഗ്ദത്തനിനെയും എണ്ണിക്കൊണ്ടും, നമ്മുടെ ഹൃദയങ്ങളെ അവന്റെ ആലയമായി കണ്ടു കൊണ്ടും അതെ, അവൻ നമ്മിൽ അധിവസിക്കുകയും നമ്മുടെ ആത്മാവിന്റെയും ശരീരത്തിന്റെയും ഭരണം ഏറ്റെടുക്കുകയും ചെയ്യുന്നു. ഹൃദയാംഗമായിട്ടു നമ്മുടെ കർത്താവിനു നന്ദി അർപ്പിക്കാം. നമ്മൾ പതിവായിട്ടു പ്രാർത്ഥിക്കുന്നതു പോലെ നന്ദിപ്രകാശം നമ്മെ, നമ്മുടെ കർത്താവിങ്കലേയ്ക്കു നയിക്കുകയും അവരുമായിട്ടുള്ള ബന്ധത്തിൽ നാം ആയിരിക്കുവാൻ സർവ്വകൃപാലുവായ കർത്താവു സഹായിക്കുന്നു. ഇത് നമ്മുടെ ശ്രദ്ധകളിൽ നിന്നു നമ്മെ മാറ്റുകയും പരിശുദ്ധാത്മാവിനു നമ്മുടെ ഉള്ളിൽ അധിവസിക്കുവാൻ സ്ഥലം നൽകുകയും ചെയ്യുന്നു.

ഇവിടെ അത്ഭുതപ്പെടുവാൻ ഒന്നുമില്ല. നമ്മുടെ പ്രാർത്ഥന ഇല്ലായ്മകളെ കുറിച്ചു നമ്മൾ ചിന്തിച്ചത് ഇതു വലിയ ഒരു ഭാരമുള്ള ജോലിയായിട്ടായിരുന്നു, സ്വർഗ്ഗീയ പിതാവിനോടു ഒരു നല്ല ബന്ധം കാത്തു സൂക്ഷിച്ച് ജീവിക്കുവാൻ നമ്മൾ അന്വേഷിച്ചിരുന്നെങ്കിൽ, പരിശുദ്ധാത്മാവിന്റെ സഹായം കൂടാതെ എങ്ങനെയാണ് നമ്മൾക്ക് പുത്രനായ യേശുവിനെയും പിതാവായ ദൈവത്തെയും അറിയുവാൻ കഴിയുന്നത്, കാരണം പരിശുദ്ധാത്മാവാണ്. പുത്രനെയും പിതാവിനെയും വെളിപ്പെടുത്തുന്നത്.

2. ഈ വിശ്വാസത്തിന്റെ പ്രായോഗിക പ്രവൃത്തികൾ നമ്മൾ ചെയ്യുമ്പോൾ തീർച്ചയായിട്ടു ആത്മാവ് നമ്മിൽ വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുകയും, നമ്മുടെ ആഗ്രഹങ്ങൾ എല്ലാം നമുക്ക് നൽകി തരികയും ചെയ്യുന്നു.എന്നു മനസിലാക്കുക. അവന്റെ പ്രാർത്ഥന ആകുന്ന പ്രവർത്തികൾ വളരെ അടുത്ത് അവന്റെ മറ്റുള്ള പ്രവൃത്തികളുമായിട്ടു ബന്ധപ്പെട്ടിരിക്കുന്നു. അവന്റെ പ്രഥമവും മഹത്വകരവുമായ പ്രവൃത്തി ക്രിസ്തുവിന്റെ സർവ്വവ്യാപിത്വമുള്ള സ്നേഹവും ശക്തിയും വെളിപ്പെടുത്തുക എന്നതാണ്. അതുകൊണ്ടു പരിശുദ്ധാത്മാവ് സദാ നമ്മെ പ്രാർത്ഥനകളിൽ ക്രിസ്തുവിനെ ഓർമ്മപ്പെടുത്തുകയും, അവന്റെ രക്തവും നാമത്തെകുറിച്ചും, നമ്മെ ശ്രദ്ധിച്ചു കേൾക്കുന്നു. ആ കർത്താവിന്റെ വലിയ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള അവബോധത്താൽ നമ്മെ നിറയ്ക്കുകയും ചെയ്യുന്നു.

അവൻ ചെയ്യും, കൂടുതലായിട്ടു വിശുദ്ധനായവന്റെ ആത്മാവിനാൽ അംഗീകരിക്കുവാൻ നമ്മെ പഠിപ്പിക്കുവാൻ, വെറുക്കുവാൻ പാപത്തോടുള്ള ബന്ധത്തിൽ ഇതെല്ലാം ചെയ്യുവാൻ. അവൻ വെളിച്ചത്തിന്റെയും ജ്ഞാനത്തിന്റെയും ആത്മാവു ആകുന്നു. അവൻ നമ്മെ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ നിറഞ്ഞു തുളുമ്പുന്ന കൃപയുടെ സാന്നിദ്ധ്യത്തിന്റെ രഹസ്യങ്ങൾ നമുക്ക് ആസ്വദിക്കുവാൻ സഹയിക്കുന്നു. അവൻ സ്നേഹത്തിന്റെയും ശക്തിയുടെയും ആത്മാവ് ആകുന്നു; ക്രിസ്തുവിനു വേണ്ടി സാക്ഷികൾ ആകുവാൻ കർത്താവ് നമ്മെ ബലപ്പെടുത്തുന്നു, ആത്മാക്കളുടെ വിടുതലിനായിട്ടു നമ്മെ അഭ്യാനിപ്പിക്കുവാനും സഹായിക്കുന്നു. ഈ വക എല്ലാം അനുഗ്രഹങ്ങളുമായിട്ടും എനിക്ക് വളരെ അടുത്തു കൂട്ടായ്മ ആചരിച്ച് മുന്നോട്ടു പോകുവാൻ പരിശുദ്ധാത്മാവ് സഹായിക്കുന്നു. അപ്പോൾ തന്നെയും അവിടുത്തെ ആ ദൈവികത്വത്തെ കുറിച്ചു ഞാൻ കൂടുതൽ ബോദ്ധ്യമുള്ളവനുമായിട്ടും മാറിയിരിക്കുന്നു. അങ്ങനെ ഞാൻ കൂടുതൽ അവന്റെ മുമ്പിൽ സമർപ്പിതനായിട്ടും അവന്റെ നടത്തിപ്പിന്റെ കീഴിൽ ആയിരിക്കുവാനും തയ്യാറായിരിക്കുന്നു. ഞാൻ എന്നെത്തന്നെ പ്രാർത്ഥനയ്ക്കായിട്ടു സമർപ്പിച്ചിരിക്കുന്നതുകൊണ്ട്. എത്രയോ വ്യത്യസ്തമായ ഒരു ജീവിതമാണതു, ആത്മാവിനെ ഞാൻ അറിഞ്ഞിരുന്നെങ്കിൽ പ്രാർത്ഥനയുടെ ആത്മാവായിട്ടു ഇവിടെ മറ്റൊരു കാര്യം ഉണ്ട് വളരെ പുതുമയോടെ ഞാൻ സ്ഥിരമായിട്ടു പഠിക്കേണ്ടത്.

3. എന്റെ മുഴു ജീവിതത്തിന്റെ ഉടമസ്ഥാവകാശം ആത്മാവിനു അവകാശപ്പെട്ടതാണ്. നമ്മൾ ആത്മാവിന്റെ ധാരാളിത്വത്തിനായിട്ടു പ്രാർത്ഥിക്കുന്നു. ആ പ്രാർത്ഥന കൊള്ളാം. ഇതിന്റെ മറുഭാഗം നമ്മൾ മനസ്സിലാക്കേണ്ടതു പരിശുദ്ധാത്മാവിനു എന്നെ കൂടുതൽ ആവശ്യമുണ്ട്/ ആഗ്രഹിക്കുന്നുവെന്നാണ്. ആത്മാവ് എന്റെ പൂർണ്ണ ഉടമസ്ഥാവകാശാം ഏറ്റെടുത്തിരിക്കുന്നുവെന്നാണ്. അതായത് എന്റെ ആത്മാവ് എന്റെ ശരീരത്തിൽ വസിച്ച് എങ്ങനെ പ്രവർത്തിക്കുന്നു. അതുപോലെ പരിശുദ്ധാത്മാവിനു എന്റെ ശരീരം ആവശ്യമായിരിക്കുന്നു. ആത്മാവിന തന്റെ വാസസ്ഥലം ആക്കുകയും ചെയ്യുന്നു. അങ്ങനെ പൂർണ്ണമായിട്ടു അവന്റെ നിയന്ത്രണത്തിൻകീഴ്. ആർക്കും ഒരിക്കലും തനിയെ മുമ്പോട്ടു പോകുവാനും ആത്മാർത്ഥതയോടെ പരിശുദ്ധാത്മാവിന്റെ മാന്യമായ നടത്തിപ്പിനെ ഒഴിവാക്കിയും ഒരു തികഞ്ഞ ആത്മീക ജീവിതം നടത്തുവാനും സാധിക്കുന്നില്ല. പരിശുദ്ധാത്മാവിന്റെ നമ്മുടെ ജീവിതത്തിലേയ്ക്കുള്ള അധിനിവേശം നമ്മെ ഒരു പുതിയ കാഴ്ചപാടിലേയ്ക്ക് സമർപ്പണത്തിലേയ്ക്കു നടത്തുന്നു. മുൻപുള്ള ജീവിതത്തിൽ ഒരു അഞ്ജതയുള്ളവനെപ്പോലെ ഞാൻ പൂർണ്ണഹൃദയത്തോടു നിനക്കായിട്ടു കാത്തിരിക്കുന്നു. ആത്മാവ് നമ്മളിൽ ഈ വാക്കുകൾ ഉച്ചരിക്കുവാൻ സഹായിക്കുകയും ആ ആപ്തവാക്യം ജീവിതത്തിൽ തളിർക്കുകയും ചെയ്യട്ടെ. അവൻ നമ്മെ

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച)

**പരിശുദ്ധാത്മാവും പ്രാർത്ഥനയും**

ഇതൊക്കെയും മനസ്സിലാക്കുവാൻ സഹായിക്കുകയും, നമ്മെ ഓർമ്മപ്പെടുത്തുകയും ചെയ്യുമ്പോൾ ഇരുമനസ്സുള്ളവരായിട്ടാണ് നാം ആയിരിക്കുന്നെങ്കിൽ അത് എത്രയോ പാപമാണ്. അവൻ ക്രിസ്തുവിനെ വെളിപ്പെടുത്തുന്നത് സകല പാപങ്ങളിൽ നിന്നും രക്ഷിക്കുന്ന ഒരു രക്ഷകനായിട്ടാണ്. നമ്മുടെ അടുത്ത് സദാ സമയവും തന്റെ പ്രതിരോധം കൊണ്ടു സംരക്ഷിക്കുന്നു. അവിടുന്നു നമ്മെ ഇങ്ങനെ പ്രാർത്ഥിക്കുവാൻ സഹായിക്കുന്നു. നമ്മെതന്നെ മറന്ന് നമ്മെത്തന്നെ ഏൽപിച്ചും പ്രാർത്ഥനയുടെ പരിശീലനം നല്ലവണ്ണം പ്രാപിച്ചും, ദൈവീക പദ്ധതികളുടെ പൂർത്തീകരണത്തിനായിട്ടും ഭരമേല്പിച്ചിരിക്കുമ്പോൾ രാത്രിയും പകലും അവിടുത്തെ സന്നിധിയിൽ കരയുന്നവർക്ക് സംരക്ഷണവും പ്രതിരോധവുമായി തീരുകയും ചെയ്യുന്നു. തന്റെ മണവാട്ടിയാകുന്ന സഭയ്ക്ക്.

ദൈവം നമ്മെ സഹായിക്കട്ടെ അവിടുത്തെ ആത്മാവിനെ ഭയപ്പെടുവാനും പ്രാർത്ഥനയുടെ ആത്മാവിനെ അറിയുവാനും.

(5-ാംപേജിന്റെ തുടർച്ച)

**ധൈര്യത്തോടെ കൃപാസനത്തിൽ**

ആവശ്യങ്ങൾ ക്രിസ് തുവിന്റെ നാമത്തിൽ ദൈവമുമ്പാകെ അർപ്പിക്കുകയാണ് ചെയ്യുന്നത്.

ദൈവത്തിന്റെയും മനുഷ്യന്റെയും മദ്ധ്യേയുള്ള ഈ മഹത്വപൂർണ്ണനായ മദ്ധ്യസ്ഥൻ തുടർമാനമായിട്ടു തന്റെ പിതാവിന്റെ മുമ്പാകെ നമ്മുടെ പാപപരിഹാരത്തിനുമായിട്ടു സമർപ്പിക്കപ്പെടുന്നു. ഇതു ആവർത്തിക്കപ്പെടേണ്ടതില്ല, വീണ്ടും സമർപ്പിക്കപ്പെടേണ്ടതില്ല. ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്കു സദാകാലത്തേക്കും സൽഗുണ പൂർത്തി വരുത്തിയിരിക്കുന്നു ". (എബ്രാ. 10:14). അവനുവേണ്ടി വേർതിരിക്കപ്പെട്ടവർക്കു വേണ്ടി അതു ആകുന്നു ചെയ്തിരിക്കുന്നത്. കൃപാസനത്തിനു മുമ്പാകെ അവൻ ഇതാണ് യാചിക്കുന്നത്, അങ്ങനെ ദൈവമുമ്പാകെ നമ്മിൽ അർപ്പിക്കുന്ന പ്രാർത്ഥനയാകുന്ന യാചനകൾ എല്ലാ ദൈവത്തിനു മുമ്പിലേയ്ക്കു ഉയരുന്നതു ക്രിസ്തുവിന്റെ അഭിഷിക്ത രക്തത്തിന്റെ ഗുണത്താൽ പിതാവാകുന്ന ദൈവത്തിനു സ്വീകാര്യമായി തീരുന്നത്. അതിന്റെ ദൈവശക്തിയാൽ അവിടുത്തെ അംഗീകാരത്തിനായിട്ടു അവന്റെ കരങ്ങളിൽ എത്തിച്ചേരുന്ന വിഷയങ്ങൾ പിതാവിന്റെ സ്വന്ത പുത്രന്റെ നാമത്താൽ അതു സാധിപ്പിച്ചു കൊടുക്കുന്നു, അവന്റെ ഭക്തർക്കായിട്ട്.

ഒരു കാര്യം നാം മറന്നു പോകരുത്. ഈ യേശു തന്നെയാണ് ഒരിക്കൽ മനുഷ്യാവതാരം എടുത്തു ഭൂമിയിൽ ജനിച്ച് ജീവിച്ച്, മരിച്ച് ഉയർത്തെഴുന്നേറ്റതെന്നും പരമ സത്യം. അവിടുന്നു മനുഷ്യരായ തന്മേലുള്ള ഒരു ശരീരം സ്വീകരിക്കപ്പെട്ടവരും, പാപം ഒഴികെ സകലത്തിലും പരീക്ഷിക്കപ്പെട്ടവരുമാണ്. നിങ്ങളുടെ ഹൃദയം തകർക്കപ്പെട്ടു നിങ്ങൾ പ്രാർത്ഥിച്ചപ്പോൾ നിങ്ങൽ ഓർക്കുക അവന്റെയും ഹൃദയം തകർക്കപ്പെട്ടവനായിട്ടു ഗെത്ശമേന തോട്ടത്തിൽ പ്രാർത്ഥിച്ചതു കൊണ്ടു നിങ്ങളുടെ തകർന്ന ഹൃദയത്തിന്റെ വേദനയുടെ അർത്ഥം അവിടുന്നു നന്നായി ഗ്രഹിക്കാം. ഗത്ശമേന തോട്ടത്തിൽ തനിക്കു ഉണ്ടായ ദീർഘശ്വാസവും, കണ്ണുനീരും അവനും അതു പഠിപ്പിച്ചു കൊടുത്തു. കഷ്ടതയിൽ കൂടി കടന്നുപോകുന്ന വിശുദ്ധന്മാർക്കു തുല്യമായിട്ടു അവിടുന്നു കഷ്ടത സഹിച്ചവനാണ്. ഒരിക്കലും ചിന്തിക്കരുത് നിങ്ങൾ കടന്നു പോകുന്ന കഷ്ടതയുടെ തീച്ചൂളകൾ കർത്താവ് അനുഭവിച്ചിട്ടില്ലെന്നും അതുകൊണ്ട് എന്റെ മേൽ ദയകാണിക്കുവാൻ കഴിയുകയില്ലെന്നു.. അവൻ ഇപ്പോഴത്തെ നിങ്ങളുടെ ജീവിത സാഹചര്യങ്ങൾ നന്നായി അറിയുന്നുവനാണ്, അതുപോലെ അവനു അറിയാം താങ്കളെ എങ്ങനെ അതിനു പുറത്തു കൊണ്ടുവരാമെന്നു. നിങ്ങൾ ദൈവത്താൽ പരിത്യജിക്കപ്പെട്ട വ്യക്തിയാണെന്നു നിങ്ങൾ ചിന്തിക്കുന്നുവെങ്കിൽ, നിങ്ങൾ അറിയുന്നില്ല, എന്തുകൊണ്ടാണ് നിങ്ങൽ അവന്റെ മുമ്പിൽ കരയുന്നതെന്ന്, എന്റെ ദൈവമേ,, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്? ഈ ഒരു അനുഭവത്തിൽ കൂടിയാണ് കർത്താവ് കടന്നു പോയത്. അതെ—

**ഹൃദയത്തിന്റെ എല്ലാ പ്രാണവേദനകളും ദു:ഖത്തിന്റെ മനുഷ്യനു ഒരു പങ്ക് ഉണ്ട്:**

അതുകൊണ്ട് നമുക്ക് ഉണ്ട്, കർത്താവന്റെ സിംഹാസനത്തിനു മുമ്പാകെ, ഒരു മഹാപുരഹതിൻ അവന്റെ ശക്തിയുടെ മഹാകാരുണ്യത്താൽ നാം ധൈര്യത്തോടു കൃപാസനത്തിനു അടുത്തു ചെല്ലുക.

ക്രിസ്തുവിൽ കൂടി താങ്കൾക്ക് ആവശ്യപ്പെടുവാനുള്ള സകല അനുഗ്രഹങ്ങളെകുറിച്ചും ആവശ്യപ്പെടുവാനുള്ള അധികാരം നിങ്ങൾക്ക് ഉള്ളപ്പോൾ തന്നേ അതു നിങ്ങളുടേതാണെന്നുള്ള കാര്യം കൂടി ഓർക്കുക. അതു നിങ്ങളുടേതു തന്നെയാണ്. " പൗലൊസൊ, അപ്പല്ലോസോ, കേഫാവോ, ലോകമോ, ജീവനോ, മരണമോ, ഇപ്പോഴുള്ളതോ, വരുവാനുള്ളതോ സകലവും നിങ്ങൾക്കുള്ളതു നിങ്ങളോ ക്രിസ്തുവിനുള്ളവർ; ക്രിസ്തു ദൈവത്തിനുള്ളവൻ " (1കൊരി. 3:22,23). ക്രിസ്തുവുമായിട്ടുള്ള നിങ്ങളുടെ കൂട്ടാ യ്മകൊണ്ടു നിങ്ങളുടെ എല്ലാ ശരിയായ പ്രാർത്ഥനകളിലും നിങ്ങൾക്ക് അവകാശപ്പെടുവാൻ കഴിയുന്നു. നാം ധൈര്യത്തോടു കൃപാസനത്തിനു അടുത്തു ചെല്ലുക. എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് അങ്ങനെയുള്ള ഒരു അഭിഭാഷകൻ നിങ്ങൾക്കായിട്ടു ന്യായവാദം നടത്തുവാനുണ്ട്. അവനിൽ കൂടി നമ്മുടെ അന്യായം ദൈവപിതാവിനു മുമ്പാകെ അർപ്പിക്കുന്നു.

**ധൈര്യത്തോടെ പ്രാർത്ഥിക്കുക**

എന്റെ പ്രീയസഹോദരി സഹോദരന്മാരെ, നമുക്ക് ധൈര്യത്തോടെ പാപികളായ മനുഷ്യർക്കായിട്ടു പ്രാർത്ഥിക്കാം. ധൈര്യത്തോടെ നമ്മുടെ പട്ടണത്തിനായിട്ടു പ്രാർത്ഥിക്കാം. ധൈര്യത്തോടെ നമുക്ക് രാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കാം. ലോക രാജ്യങ്ങളിൽ ഒരു വലിയ ഉണർവ്വിനെ അയക്കേണ്ടതിനായിട്ടു പ്രാർത്ഥിക്കണമെന്നുള്ള കാര്യം നിങ്ങൾ ഒരിക്കലും നിർത്തികളയരുത്.

നിങ്ങളുടെ ആവശ്യ സമയങ്ങളിൽ കർത്താവ് നിങ്ങളെ സഹായിക്കുവാനായിട്ട് കൃപാസനത്തിനു മുമ്പാകെ കടന്നു വന്ന് അപേക്ഷിക്കാം. നിങ്ങൾക്ക് അതു തീർച്ചയായിട്ടു ലഭിച്ചിരിക്കും. കർത്താവ് പ്രാർത്ഥനയുടെ മറുപടി നല്കാതെയിരിക്കുകയില്ല. പ്രാർത്ഥനയ്ക്ക് മറുപടി നല്കുന്നവനാണ് അവിടുന്നു. അതുകൊണ്ട് അവന്റെ അരികിലേയ്ക്കു വരാം. അതെ, നമുക്ക് എല്ലാവർക്കും " അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തുചെല്ലുക " .

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975